പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3514 | | 21/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| **അംഗൻവാടികളുടെ പശ്ചാത്തല സൗകര്യ വികസനം** | | |
| **ചോദ്യം** | | **ഉത്തരം** |
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | അംഗൻവാടികളുടെ പശ്ചാത്തല സൗകര്യ വികസനത്തിന് പുതിയ പദ്ധതികളാവിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) & (ബി) സ്വന്തമായി സ്ഥലമുള്ള എന്നാൽ കെട്ടിടമില്ലാത്തതും, കാലപഴക്കം കൊണ്ട് പൊളിഞ്ഞ് വീഴാറായ കെട്ടിടമുള്ളതുമായ വിഭാഗത്തിൽ 700 അംഗൻവാടികളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങൾക്കായി നബാർഡ് ആർ.ഐ.ഡി.എഫ് സ്കീമിൽ ഒരു അംഗൻവാടിക്ക് 7 ലക്ഷം രൂപ ക്രമത്തിൽ 700 അംഗൻവാടികൾക്ക് 49 കോടി രൂപയുടെ പ്രൊപ്പോസൽ 17/10/2012-ൽ ചേർന്ന SLEC അംഗീകരിച്ചിട്ടുണ്ട്. ഓരോ അംഗൻവാടിക്കും ഉള്ള സ്ഥലത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന സാക്ഷ്യപത്രം, പഞ്ചായത്തിന്റെ തീരുമാനം, കെട്ടിടത്തിന്റെ പ്ളാനും, എസ്റ്റിമേറ്റും (2012-ലെ പൊതുമരാമത്ത് വകുപ്പ് SOR പ്രകാരം), പണിയുടെ സമയക്രമം എന്നിവ പ്രോഗ്രാം ഓഫീസർമാരിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അഞ്ച് സെന്റുള്ള അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ നബാർഡിന്റെ ധനസഹായം ലഭ്യമാണോ; എങ്കിൽ എത്ര അംഗൻവാടികൾക്ക് എത്രരൂപ വീതം പണം അനുവദിക്കുവാൻ ഉദ്ദേശിക്കുന്നു; | |
| (സി) | ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (സി) പ്രോഗ്രാം ഓഫീസർമാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പ്രൊജക്ട് റിപ്പോർട്ട് നബാർഡിന് നൽകി, അന്തിമ അനുമതിക്ക് ശേഷം പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ